കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

പ്രവചന കാലയളവ് 03.8.2022 മുതൽ 07.8.2022 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 31/2022,(61) ചൊവ്വാഴ്ച | തീയ്യതി 02/8/2022 |
|---|---|

1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീക രണം (മി.മി) |
|---|---|---|---|---|---|---|---|
| (11.5) | (31.4-33.5) | (23.7-25.2) | (92-98) | (63-92) | (1.0-2.6) | (2.4-8.5) | (2.4-4.6) |

2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 03.08.2022 | 04.08.2022 | 05.08.2022 | 06.08.2022 | 07.08.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 140 | 140 | 140 | 40 | 20 |
| ഉയർന്ന താപനില (°C) | 28 | 29 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 100 | 100 | 100 | 100 | 100 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 10 | 16 | 20 | 10 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 210 | 210 | 250 | 270 | 340 |
| മേഘവ്യാപ്തി (ഒക്ടെ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ ശക്തമായ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അതിശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം

| 2022 ആഗസ്റ്റ് 03 | 2022 ആഗസ്റ്റ് 04 | 2022 ആഗസ്റ്റ് 05 | 2022 ആഗസ്റ്റ് 06 | 2022 ആഗസ്റ്റ് 07 |
|---|---|---|---|---|
| അതിശക്തമായ മഴ | അതിശക്തമായ മഴ | അതിശക്തമായ മഴ | സാമാന്യം ഭേദപ്പെട്ട മഴ | സാമാന്യം ഭേദപ്പെട്ട മഴ |

3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതു നിർദേശങ്ങൾ: ഇടി മിന്നലിന സാധ്യതയുള്ളതിനാൽ ഈസമയങ്ങളിൽ കഴിവതും കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുക. വളപ്രയോഗം, കീടനാശിനി പ്രയോഗം മുതലായ വിള സംരക്ഷണ മാർഗങ്ങൾ താൽക്കാലികമായി നിറുത്തി വയ്ക്കുക. കന്നുകാലികളെ തുറസ്സായ സ്ഥലങ്ങളിൽ കെട്ടിയിടുന്നതും, മേയാൻ വിടുന്നതും ഒഴിവാക്കുക. അവയെ സുരക്ഷിതമായ സ്ഥലങ്ങളിൽ പാർപ്പിക്കുക. വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് -വിരിപ്പ് -ചിനപ്പ് പൊട്ടുന്ന പരുവം | | കൃഷിയിടങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പാടങ്ങളിലെ എല്ലാ ജലനിർഗമന ചാലുകളും തുറന്നിടുക. |
| വാഴ | | വാഴയ്ക്ക് താങ്ങുകാൽ നൽകി സംരക്ഷിക്കുക. വാഴത്തോട്ടങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ചാലുകൾ കീറി നീർവാർച്ചാസൗകര്യം ഉറപ്പാക്കുക. |
| പച്ചക്കറികൾ | | കാറ്റിന സാധ്യതയുള്ളതിനാൽ പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക വിളവെടുക്കാൻ പാകമായ . പഴങ്ങളും, പച്ചക്കറികളും എത്രയും പെട്ടെന്ന് തന്നെ വിളവെടുക്കുക. വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ചാലുകൾ കീറി നീർവാർച്ചാസൗകര്യം ഉറപ്പാക്കുക. |
| മത്സ്യ കൃഷി | | മത്സ്യ കൃഷി നടത്തുന്ന കർഷകർ കുളങ്ങൾ കവിഞ്ഞൊഴുകി മൽസ്യം നഷ്ടമാകുന്നത് ഒഴിവാക്കാൻ കുളത്തിലെ വെള്ളത്തിന്റെ സംഭരണശേഷിയ്ക്ക് അനുസരിച്ച് വെള്ളം ക്രമീകരിക്കുക. |
| മൃഗസംരക്ഷണം (CAADECCS, KVASU, Mannuthy). | | കോഴിക്കൂട്ടിലെ അറയ്ക്കപൊടി ഇടയ്ക്ക ഇളക്കികൊടുക്കുകയും വേണ്ടിവന്നാൽ പുതിയ അറയ്ക്കപൊടി ഇട്ടുകൊടുക്കുകയും വേണം. കോഴികൂട്ടിൽ മഴച്ചാറ്റൽ ഉള്ളിൽ വീഴാതിരിക്കാൻ മേൽക്കൂരയുടെ ചായ്‌വ് നീട്ടികൊടുക്കണം . |